ശ്രീ. സി. എഫ്. തോമസ്: ഇന്ന് പല കാരണങ്ങളാലും ഷെഡ്യൂൾ കൃാൻസൽ ചെയ്യേണ്ടി വരുന്നുണ്ട്. അങ്ങനെ കൃാൻസൽ ചെയ്യുമ്പോൾ ഏതെങ്കിലും ഒരു മാനദണ്ഡം നിശ്ചയിച്ച് ചീഫ് ഓഫീസിൽനിന്ന് ഡിപ്പോകൾക്ക് നിർദ്ദേശം കൊടുക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: അതിനെ സംബന്ധിച്ച് വ്യക്തമായ മാനദണ്ഡമുണ്ട്. മൂന്നു കിലോമീറ്റർ ദൂരം ഒരു വാഹനം ഓടിക്കുമ്പോൾ 3.50 പൈസയെങ്കിലും കിട്ടുന്നില്ലെങ്കിൽ ആ വാഹനം ഓടിക്കാൻ യാതൊരു നിർവ്വാഹവുമില്ല. യാത്രത്തിരക്കുള്ള റൂട്ടുകളിൽ പരിഗണന നൽകിയാണ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഡിപ്പോകളിൽ ഷെഡ്യൂൾ തയ്യാറാക്കുന്നത്. ആ ഷെഡ്യൂളുകൾ ചില സന്ദർഭങ്ങളിൽ നമ്മൾ റിവൈസ് ചെയ്യാറുണ്ട്. കാരണം എല്ലാ ദിവസവും ഒരു പോലെ യാത്രക്കാർ ഉണ്ടാകുകയില്ല.....

ശ്രീ. കെ. പങ്കജാക്ഷൻ: ചില ഡിപ്പോകളിൽ ഏതെങ്കിലും ഒരു ബസ് കട്ടപ്പുറത്താകുകയോ, ബസ് പിൻവലിക്കേണ്ടിവരികയോ ചെയ്താൽ ഏറ്റവും കൂടുതൽ ആശ്രിതരുള്ള, കോളേജ് വിദ്യാർത്ഥികളും സ്കൂൾ വിദ്യാർത്ഥികളും ഓഫീസ് ജീവനക്കാരും മറ്റും വളരെ കൂടുതലായി സഞ്ചരിക്കുന്ന റൂട്ടുകളിൽ ഷെഡ്യൂൾ പിൻവലിക്കുന്ന പ്രവണത ഇപ്പോൾ നിലവിലുണ്ട്. കർക്കശമായും അത്തരം നടപടികൾ സ്വീകരിക്കരുതെന്ന് ഡിപ്പോയിലെ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുമോ?

ശ്രീ. പി. കെ. വേലായുധൻ: തീർച്ചയായും ഇത്തരം കേസുകളെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമാണെന്ന് കണ്ടാൽ നിർദ്ദേശം നൽകുന്നതാണ്.

വ്യാജമദ്യം

* 454 [484] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള:
,, എം. ജിനദേവൻ:
,, സി. കെ. തങ്കപ്പൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജവാറും, വ്യാജമദ്യ വിൽപ്പനയും നടക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, എന്താണെന്ന് വെളിപ്പെടുത്തുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) സംസ്ഥാനത്ത് ചിലയിടങ്ങളിൽ വ്യാജവാറും, വിൽപ്പനയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) വ്യാജവാറ്, വ്യാജചാരായ വിൽപ്പന മുതലായ അബ്കാരി കുറ്റങ്ങൾ അമർച്ച ചെയ്യുന്നതിനും അവ ഫലപ്രദമായി തടയുന്നതിനും എക്സൈസ് ഉദ്യോഗസ്ഥൻമാർ നിയമപ്രകാരമുള്ള നടപടികൾ നടത്തുന്നുണ്ട്. വ്യാജചാരായവാറ് നടക്കുന്ന സ്ഥലങ്ങളിൽ സാധാരണ നടക്കുന്ന റെയിഡുകൾക്കു പുറമെ, വിവിധ സർക്കിളുകളിലെ എക്സൈസ് ഉദ്യോഗസ്ഥൻമാരെയും പോലീസ് ഉദ്യോഗസ്ഥൻമാരെയും ഉൾപ്പെടുത്തിക്കൊണ്ട് ജോയിൻറ് റെയിഡുകളും അടിക്കടി നടത്താറുണ്ട്. വ്യാജവാറും വിൽപ്പനയും സംബന്ധിച്ച് സർക്കാരിന് ലഭിക്കുന്ന പരാതിയിൻമേൽ, പരാതിയിൽ പറയുന്ന സ്ഥലവുമായി ബന്ധപ്പെടാത്ത എക്സൈസ് ഉദ്യോഗസ്ഥൻമാരെക്കൊണ്ട് അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കാറുണ്ട്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെ വ്യാപകമായ തോതിൽ വ്യാജമദ്യം ഉൽപ്പാദിപ്പിക്കുന്നതിന്റെ ഫലമായി പ്രമുഖൻമാരായ മദ്യഷോപ്പുടമകൾപോലും അനുവദിക്കുന്ന കോട്ട എടുക്കാതെ വ്യാപകമായ തോതിൽ വ്യാജമദ്യം വിൽപ്പന നടത്തുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രീ. കെ. ശിവദാസൻ: സാധാരണഗതിയിൽ കോട്ട കൊടുക്കുന്ന ചാരായം മിക്കവാറും എല്ലാവരും എടുക്കാറുണ്ട്. വ്യാജമദ്യം ചിലയിടത്ത് എല്ലാം വിൽപ്പന നടക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന് നടപടിയെടുക്കുന്നുണ്ട്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: വ്യാജവാറു നിരുൽസാഹപ്പെടുത്തുന്നതിന് പല നടപടികളും ഗവൺമെൻറ് കൈക്കൊണ്ടിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. കഴിഞ്ഞ വർഷം എത്ര വ്യാജവാറുകൾ പിടിച്ചിട്ടുണ്ട്; എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം വല്ല കണക്കുമുണ്ടോ? അത് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: കഴിഞ്ഞ വർഷത്തെ മാത്രം കണക്ക് എന്റെ കൈയിലില്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1,27,224 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ശ്രീ. സി. കെ. തങ്കപ്പൻ: ഈ വ്യാജവാറ് തടയുന്നതിന് നിലവിലുള്ള എക്സൈസ് ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം ഫലപ്രദമല്ലെന്നുണ്ട് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ അതാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ട് ഇതേപ്പറ്റി അന്വേഷിച്ച് ഇത് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഫലപ്രദമായ ഏതെങ്കിലും മറ്റൊരു നടപടിയെപ്പറ്റി ആലോചിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഇത് ഫലപ്രദമല്ലെന്ന് ഞാൻ സൂചിപ്പിച്ചില്ല. ഇത്തരം കാര്യങ്ങൾ പരിപൂർണ്ണമായി തടയുന്നതിന് ഏത് ഏജൻസി വന്നാലും കഴിയുമോയെന്നുള്ള കാര്യം പരിശോധിച്ചു നോക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

വളരെ ശക്തമായ ധാരാളം മൊബൈൽ സ്ക്വാഡുകളേയും അതുപോലെതന്നെ എക്സൈസ് ഉദ്യോഗസ്ഥൻമാരെയും നിയോഗിച്ച് ഇത് തടയുന്നതിനാവശ്യമായ നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. തങ്കപ്പൻ: ഇപ്പോൾ ശർക്കരയ്ക്ക് വില കൂടുതലായതുകൊണ്ട് പൂവൻവാഴയിൽനിന്ന് 'കൊട്ടുവടി' എന്നു പറയുന്ന ഒരുതരം മദ്യം എടുക്കുന്നുണ്ട്. ആ മദ്യം കുടിച്ചിട്ട് നാട്ടിലെ നല്ലൊരു വിഭാഗം ചെറുപ്പക്കാരുടെ കുടലിൽ കുത്ത് വീണ് രോഗികളായി മാറി അകാലമരണമടയുകയാണ്. അതുകൊണ്ട് ഈ പ്രവണത തടയുന്നതിന് ഇതിന്റെ മാരകരോഗത്തെപ്പറ്റി നാട്ടുകാർ മനസ്സിലാക്കുന്നതിന് ഏതെങ്കിലും ഒരു പ്രചരണ പരിപാടി നടപ്പാക്കാൻ തയ്യാറുണ്ടോ?

ശ്രീ. കെ. ശിവദാസൻ: എല്ലാ വിധത്തിലുള്ള വ്യാജവാറ്റിനേയും കർശനമായി തടയുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. അതിന് ശക്തമായ നടപടികളെടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വ്യാജവാറും, വ്യാജമദ്യവിൽപ്പനയും വർദ്ധിച്ചതുകൊണ്ട് കോൺട്രാക്ടർമാർ ലേലത്തിൽ എടുത്തിട്ടുള്ള കള്ള് ഷാപ്പുകളും അറാക്കു ഷാപ്പുകളും നഷ്ടത്തിൽ കലാശിച്ചതിന്റെ ഫലമായി എത്ര കള്ള് ഷാപ്പുകളും അറാക്കു ഷാപ്പുകളും അടച്ച് പൂട്ടേണ്ടിവന്നിട്ടുണ്ടെന്നുള്ള കണക്ക് ഡിപ്പാർട്ടുമെന്റ് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ?

ശ്രീ. കെ. ശിവദാസൻ: ബ്രാൻഡി ഷാപ്പുകളും, ചാരായഷാപ്പുകളും നഷ്ടത്തിൽ പോയതായി ഗവൺമെന്റിന് അറിവില്ല. കള്ള് ഷാപ്പുകൾക്ക് മുൻപുണ്ടായിരുന്ന വൈഷമ്യങ്ങൾ വളരെ ചില കാര്യങ്ങൾ കൊണ്ടുണ്ടായിട്ടുള്ളതാണ്. അതെല്ലാം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വ്യാജവാറ് കണ്ടുപിടിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കൈയിലില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് അത് കണ്ടുപിടിക്കുന്നതിന് ഉദ്യോഗസ്ഥൻമാർക്ക് പോകാനുള്ള വാഹനം പോലും എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കൈയിലില്ലെന്നുള്ളത്. അതുകൊണ്ട് കോൺട്രാക്ടർമാർകൂടി സഹകരിച്ചുകൊണ്ടാണ് പല സ്ഥലത്തും വ്യാജവാറ് പിടിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് വ്യാജവാറ് ഫലപ്രദമായി തടയാൻ സാധിക്കത്തക്കവിധത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിന് വാഹനങ്ങൾ കൂടുതൽ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഇപ്പോൾ 14-10-1986-ൽ തന്നെ 14 ജീപ്പുകൾ കൂടുതലായി അവർക്ക് നൽകിയിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: വ്യാജവാറും വ്യാജമദ്യവിൽപ്പനയും സംബന്ധിച്ച് എക്സൈസ് കസ്റ്റഡിയിൽ ഇരുന്ന എത്ര ആളുകൾ ഈ വർഷം മരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: ഒരാളും മരിച്ചതായി എനിക്കറിയില്ല; അങ്ങനെ ഒരു കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: നേമത്ത് ഒരു ഹരിജൻ യുവാവിനെ വ്യാജവാറുമായി ബന്ധപ്പെട്ടതിന്റെ പേരിൽ എക്സൈസുകാർ അറസ്റ്റുചെയ്തു കൊല ചെയ്തതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: ഇപ്പോൾ എന്റെ ശ്രദ്ധയിൽപ്പെട്ടില്ല. പരാതി ലഭിച്ചിട്ടുണ്ടോയെന്നുള്ളത് പരിശോധിച്ച് മാത്രമേ പറയാൻ കഴിയുകയുള്ളൂ.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഐ. ആർ. ഡി. പി. യുടെ ഗുണഭോക്താക്കൾ

ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ

* 455 [485] ശ്രീ. പി. സീതിഹാജി:
,, പി. എം. അബൂബക്കർ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, പി. കെ. കെ. ബാവ:
,, എ. വി. അബ്ദുറഹിമാൻഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ഗ്രാമവികസന പദ്ധതിയുടെ ഗുണഭോക്താക്കളും മഹിളാസംഘങ്ങളും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ എന്തെങ്കിലും സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഈ ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ ഒരുക്കുവാൻ ഒരു സംസ്ഥാന തല മാർക്കറ്റിംഗ് നിലവിലുണ്ട്.

(ബി) തിരുവനന്തപുരത്ത് ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരളാ റൂറൽ ഡവലപ്പ്മെൻറ് ആൻറ് മാർക്കറ്റിംഗ് സൊസൈറ്റി (കേരംസ്).

ചെറുകിട പരിമിത കർഷകരെ സഹായിക്കാൻ പദ്ധതി

* 456 [486] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി):
ശ്രീമതി പി. ദേവൂട്ടി:
ശ്രീ. കെ. പി. അരവിന്ദാക്ഷൻ:
,, ടി. കെ. ആറുമുഖൻ:
,, ജി. വരദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly